"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ഒറ്റപ്പാലം മുനിസിപ്പാലിറ്റി കൗൺസിലർ , ശ്രീമതി ആമിന സമീർ എന്നവർക്ക് ചികിത്സ ഇനത്തിൽ ചെലവായ തുക മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3009/2025/LSGD തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ 07.08.2024 തീയതി നടന്ന സാധാരണയോഗത്തിലെ 30/ നമ്പർ തീരുമാനം.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.06.2025 തീയതിയിലെ LSGD/PD/38710/2024-EER നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഒറ്റപ്പാലം മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീമതി ആമിന സമീർ എന്നവർക്ക് തൈറോയിഡ് ഗ്രന്ധിയുമായി ബന്ധപ്പെട്ട് തൃശ്ശൂർ അമല ഹോസ്പിറ്റലിൽ ചികിത്സക്ക് വേണ്ടി ചെലവായ തുകയായ 71,001/- (എഴുപത്തി ഒന്നായിരത്തി ഒന്ന് രൂപ മാത്രം) ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം നഗരസഭ തീരുമാനം എടുത്ത് സർക്കാരിന്റെ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ശ്രീമതി.ആമിന സമീറിന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ തുകയായ 71,001/- (എഴുപത്തി ഒന്നായിരത്തി ഒന്ന് രൂപ മാത്രം) ഭാവിയിൽ ക്രമപ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ ഒറ്റപ്പാലം നഗരസഭയുടെ തനത് ഫണ്ടിൽ നിന്ന് അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MUHAMMED NAJEEB T A
ഡെപ്യൂട്ടി സെക്രട്ടറി

ചെയർമാൻ/ സെക്രട്ടറി, ഒറ്റപ്പാലം നഗരസഭ.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD- EM2/148/2025-LSGD].

ഉത്തരവിൻ പ്രകാരം

Signed by
Ajith Kumar K A
സെക്ഷൻ ഓഫീസർ
Date: 22-12-2025 12:29:43

പകർപ്പ്:- ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്.

സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.